I/177453/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-അന്യത്ര സേവനത്തിനു ശേഷം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. സജീറ.എൻ -നു ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. G.O (Rt) No. 536/2023/H&FWD dated 09.03.2023
2. ഡോ. സജീറ.എൻ -ന്റെ അപേക്ഷ തീയതി 16.03.2024

**ഉത്തരവ് നം. ഇ.ബി1-3226/2024/ആ.വ.ഡ തീയതി : 18-03-2024**

കോഴിക്കോട് ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി സേവനത്തിലിരിക്കേ ആലപ്പുഴ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസർ ആയി അന്യത്ര സേവനത്തിൽ പ്രവേശിച്ച ഡോ. സജീറ.എൻ-ന്റെ അന്യത്ര സേവനകാലയളവ് 23.03.2024-നു അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാരിയ്ക്കു ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2)പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. സജീറ.എൻ (PEN:593525) നെ **ആലപ്പുഴ ജില്ലയിലെ തുറവൂർ താലൂക്ക് ആശുപത്രിയിൽ** നിലവിലുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ചു ഉത്തരവാകുന്നു.

2024 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ടി ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

ഡോ. സജീറ.എൻ, **24.03.2024**-നു ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ

I/177453/2024

പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 18-03-2024 16:30:32

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. സജീറ.എൻ, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2.ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട് /ആലപ്പുഴ
3.സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ബാലുശ്ശേരി, കോഴിക്കോട്/ താലൂക്ക് ആശുപത്രി, തുറവൂർ, ആലപ്പുഴ
4. ഫയൽ/കരുതൽ ഫയൽ